ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ,

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 5 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും, 5 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളേയും 5 പ്രധാനപ്പെട്ട ആശുപത്രികളേയും മാതൃകാ സ്ഥാപനങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) ആരോഗ്യസേവനരംഗത്ത് പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും താരതമ്യേന സൗകര്യങ്ങൾ കുറവുള്ളതായ പ്രദേശങ്ങൾക്കും ആദിവാസി മേഖല, തീരദേശ മേഖല എന്നിവയ്ക്കും മുൻഗണന കൊടുത്താണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അച്ചൻകോവിലാറിൽ നിന്നും ജലം മേക്കര ഡാമിലേയ്ക്ക് ഒഴുക്കാൻ ടണൽ നിർമ്മാണം

4 (*407) ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മങ്കോട് രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചൻകോവിലാറിൽ നിന്നും ജലം അടവിനൈനാർ കോവിൽ പദ്ധതിയുടെ മേക്കര ഡാമിലേക്ക് ഒഴുക്കാൻ ലക്ഷ്യമിട്ട് ആരെങ്കിലും ടണൽ നിർമ്മാണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ടണൽ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അച്ചൻകോവിലാറിന്റെ ഉത്ഭവസ്ഥലമായ മണ്ണണ്ണയിലെ കോട്ടവാസൽ തുവൻമല തുരന്ന് ടണൽ നിർമ്മാണം തുടങ്ങിയിട്ട് എത്ര കാലമായെന്നറിയിക്കാമോ ;

(ഡി) പ്രസ്തുത ടണൽ നിർമ്മാണം നിറുത്തിവയ്പ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഇല്ല.

(ബി-ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly